പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*27 — 23/01/2018-ൽ മറുപടിക്ക്

## രക്ത ദാനം സുരക്ഷിതമാക്കുന്നതിനുള്ള മാർഗ്ഗരേഖ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. നൗഷാദ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.വി. ജോയി**<br>**ശ്രീ.പി.വി.അൻവർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രക്തദാനം കൂടുതൽ സുരക്ഷിതമാക്കുന്നതിന് പുതിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനും, നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും പുറപ്പെടുവിച്ചിട്ടുള്ള നാഷണൽ ബ്ലഡ് പോളിസി പ്രകാരമാണ് നിലവിൽ സംസ്ഥാനത്തെ രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്. |
| ബി) | പുതിയമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | രക്തദാനത്തിന് മുമ്പ് എച്ച്.ഐ.വി. ബാധ കണ്ടെത്തുന്നതിനുള്ള ന്യൂക്ലിക് ആസിഡ് ടെസ്റ്റ് (നാറ്റ്) നടത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങളുണ്ടോ; | സി) | ചില സ്വകാര്യ രക്ത ബാങ്കുകളിൽ ലഭ്യമാണ്. |
| ഡി) | ഇല്ലെങ്കിൽ നാറ്റ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ഡി) | World Health Organisation-നിൽ നിന്നും ലഭ്യമായ വിദഗ്ധാഭിപ്രായം വളരെ വില കൂടിയ NAAT ൽ നിന്നും ലഭ്യമാകുന്നതിനു തുല്യമായ സുരക്ഷിതത്വം താരതമ്യേന ചെലവ് കുറഞ്ഞ നാലാം തലമുറയിലെ ELISA Test വഴി ലഭ്യമാണെന്നാണ്. ആയതിനാൽ നാലാം തലമുറയിലെ ELISA Test-കൾ ലഭ്യമാക്കാൻ NACO (National AIDS Control Organisation) യോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| ഇ) | സംസ്ഥാനത്തെ രക്ത ബാങ്കുകളുടെ പ്രവർത്ത നത്തെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | ഇ) | ഉണ്ട് |

സെക്ഷൻ ഓഫീസർ